**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1142** **14-03-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം-പാരിപ്പള്ളി പുതിയ പാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ വി ജോയി,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ ഐ ബി സതീഷ് | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി വിഴിഞ്ഞം തുറമുഖത്തു നിന്നാരംഭിച്ച് പാരിപ്പള്ളി വരെ നീളുന്ന ഒരു പുതിയ പാത നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഈ പാത നിർമ്മാണത്തിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന ഗുണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | (എ) വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ ഉദ്ദേശം 78 കി മീ നീളത്തിലും 70 മീറ്റർ വീതിയിലുമുള്ള ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട് . ഇതിൻ പ്രകാരം 45 മീറ്റർ വീതിയുള്ള പ്രധാന പാത, പ്രോജക്ട് കോസ്റ്റിന്റെ 100%-വും സ്ഥലമേറ്റെടുക്കലിന്റെ ചെലവിന്റെ 50 % വും വഹിക്കുമെന്ന വ്യവസ്ഥയിൽ NHAI നിർമ്മിക്കുന്നതാണ് . സ്ഥലമേറ്റെടുക്കലിന്റെ ചെലവിന്റെ 50% വും, GST ഒഴിവാക്കലും, സർവ്വീസ് റോഡുകളുടെ സ്ഥലമേറ്റെടുക്കലും, നിർമ്മാണവും സംസ്ഥാന സർക്കാർ ചെയ്യേണ്ടതാണ് . 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ സ്ഥലമേറ്റെടുക്കലിനായി 1000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി മുഖ്യമായും ലക്ഷ്യമിടുന്നത് തലസ്ഥാന നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളുടെ സുസ്ഥിരവും ശാസ്ത്രീയവും മികവുറ്റ ആസൂത്രണത്തില- ധിഷ്ഠിതവുമായ വികസനത്തോടൊപ്പം തലസ്ഥാന നഗരത്തിന്റെ ഗതാഗതം സുഗമവും കുറ്റമറ്റതുമായ രീതിയിൽ കൈകാര്യം ചെയ്യലും വിഭവങ്ങളുടെ ഗുണകരവും പ്രയോജനപ്രദവുമായ ഉപയോഗവുമാണ്. കൂടാതെ ഔട്ടർ റിംഗ് റോഡിന്റെ ഇരുവശവും 2.5 കി മീ നീളത്തിൽ ഏകദേശം 400Sq.KM തുടർച്ചയായുള്ള സ്ഥലം ഒരു പ്രത്യേക നിക്ഷേപ മേഖലയായി വികസിപ്പിക്കാനും വിഭാവനം ചെയ്തിട്ടുണ്ട് . ആയതിലേക്കായി ഒരു പ്രത്യേക നിയമനിർമ്മാണം നടത്തി മേൽ സ്ഥലത്തെ ലോകോത്തര നിലവാരത്തിലുള്ള നിക്ഷേപ സ്ഥാനമായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് . |
| (ബി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി, വീട്, വരുമാനം എന്നിവ നഷ്ടപ്പെടുന്നവരുടെ ആശങ്കകൾ | (ബി) | ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നതേയുള്ളൂ. ആയത് ലഭിച്ചാലേ |

| | | | |
|---|---|---|---|
| | പരിഹരിക്കുന്നതിന് അവർക്ക് നഷ്ടപരിഹാരം നൽകുന്നതിനെ സംബന്ധിച്ച വസ്തുതകൾ വെളിപ്പെടുത്താമോ; | | നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശങ്ങൾ അറിയാൻ കഴിയൂ. |
| (സി) | ഇത്തരത്തിലുള്ള വികസന പദ്ധതികൾക്കെതിരെ ചില തത്പര കക്ഷികൾ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് സർക്കാരിനെതിരെ സമരപരിപാടികൾ സംഘടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരക്കാരോടുള്ള പ്രതികരണം എന്താണെന്ന് വിശദമാക്കാമോ? | (സി) | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ